**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2712 09/05/2017-ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി**

| ചോദ്യം<br>ശ്രീ.എസ്.രാജേന്ദ്രൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | അടുത്ത 5 വർഷത്തിനുള്ളിൽ സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതർക്കും വാസയോഗ്യമായ ഭവനം ലഭ്യമാക്കുകയും നിലവിലുള്ള ഭവനം വാസയോഗ്യമാക്കുകയുമാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിയായ ലൈഫിന്റെ ലക്ഷ്യം. അതോടൊപ്പം സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകുന്നതിനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹികക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനുമുള്ള ശാക്തീകരണ പ്രക്രിയയും പദ്ധതിയുടെ ലക്ഷ്യമാണ്. |
| (ബി) | ദേവികുളം മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | | |
| (സി) | അർഹരായ പരമാവധി ആവശ്യക്കാർക്ക് സമയബന്ധിതമായി ഭവന നിർമ്മാണം പൂർത്തീകരിച്ച് നൽകുന്നതിന് അടിയന്തര പ്രാധാന്യത്തോടെ നടപടി സ്വീകരിക്കുമോ? | (സി) | ലൈഫ് മിഷൻ പദ്ധതിയിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ മുഖേന നടത്തിയ സർവ്വേ പൂർത്തിയായിട്ടുണ്ട്. ആയതിന്റെ വെരിഫിക്കേഷൻ നടന്നു വരുന്നു. വെരിഫിക്കേഷൻ പൂർത്തീകരിച്ച ശേഷം കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നതുമാണ്. ഭൂരഹിത ഭവന രഹിതർക്കായി ആദ്യഘട്ടത്തിൽ 14 ജില്ലകളിൽ ഓരോ ഭവന സമുച്ചയങ്ങളുടെയും നിർമ്മാണം ഉടനെ തന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**